## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2214** **15.07.2011- ൽ മറുപടിനൽകേണ്ടത്.**

### വെള്ളറട വില്ലേജിൽ പന്നിമല, മണ്ണാത്തിപ്പാറ റോഡരികത്ത് വീട്ടിൽ ശ്രീമതി ബേബിയുടെ വസ്തുവിന്റെ കരം തീർത്ത് രസീത് നൽകുന്നതിന് കാലതാമസം

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ് | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട വില്ലേജിൽ പന്നിമല, മണ്ണാത്തിപ്പാറ, റോഡരികത്ത് വീട്ടിൽ താമസിക്കുന്ന മേരി മകൾ ശ്രീമതി ബേബിയുടെ വസ്തുവിന്റെ കരം തീർത്ത് രസീത് നൽകുന്നതിന് അഭ്യർത്ഥിച്ച് 10.02.2011-ൽ ഒ.എസ്.197/08, ഒ.എസ്.294/08, ഒ.എസ്.197/08 നമ്പർ ബഹു.നെയ്യാറ്റിൻകര മുൻസിഫ് മജിസ്ട്രേട്ടിന്റെ ഉത്തരവ് സഹിതം വെള്ളറട വില്ലേജ് ഓഫീസർക്ക് നൽകിയ അപേക്ഷയിൽ നാളിതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ശ്രീമതി ബേബിയുടെ അപേക്ഷ വെള്ളറട വില്ലേജ് ഓഫീസർ മുഖേന 18.02.2011-ൽ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി. ഓഫീസിൽ കുടിശ്ശികയുണ്ടായിരുന്ന അപേക്ഷകൾ ഉൾപ്പെടെ 8300 അപേക്ഷകളിൽ മുൻഗണനാക്രമത്തിലാണ് നടപടികൾ സ്വീകരിച്ച് തീർപ്പാക്കിവരുന്നത്. ശ്രീമതി ബേബിയുടെ അപേക്ഷയിന്മേലും മുൻഗണനാക്രമം പാലിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന താണ്. |
| (ബി) 10.02.2011-ൽ ശ്രീമതി ബേബി നൽകിയ അപേക്ഷ തീർപ്പാക്കുന്നതിന് ഉണ്ടായ കാലതാമസം വ്യക്തമാക്കാമോ; കാലതാമസത്തിന്റെ കാരണം അപേക്ഷകയെ രേഖാമൂലം അറിയിച്ചിരുന്നോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) 2011-നാണ് പ്രസ്തുത അപേക്ഷ ലഭിച്ചിട്ടുള്ളത്. 8300 അപേക്ഷകൾ ക്രമപ്രകാരം നടപടി സ്വീകരിച്ചുവരുന്നതിനാൽ കാലതാമസത്തിനുള്ള കാരണം രേഖാമൂലം അപേക്ഷകയെ അറിയിച്ചിട്ടില്ല. |
| (സി) നിയമപരമായി അപേക്ഷക ഹാജരാക്കിയ രേഖപ്രകാരം അർഹത ഉണ്ടെങ്കിൽ പ്രസ്തുത വസ്തു പോക്കുവരവ് ചെയ്ത് കരം ഒടുക്കി നൽകുന്നതിന് അടിയന്തിര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ